## 4. BEEDI AND CIGAR INDUSTRY

ജി. ഒ. (എംഎസ്.) നമ്പർ 134/2010/തൊഴിൽ. *തിരുവനന്തപുരം, 2010 നവംബർ 6.*

**എസ്. ആർ. ഒ. നമ്പർ 1017/2010.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2000 ഒക്ടോബർ 24-ാം തീയതിയിലെ 1915-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1001/2000 ആയി പ്രസിദ്ധീകരിച്ച, 2000 ഒക്ടോബർ 20-ാം തീയതിയിലെ ജി. ഒ.(ആർറ്റി.) നമ്പർ 3617/2000/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം 2010 ഏപ്രിൽ 24-ാം തീയതിയിലെ 998-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010 ഏപ്രിൽ 19-ാം തീയതിയിലെ 17648/ഇ1/2008/തൊഴിൽ നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, മിനിമം വേജസ് ആക്ടിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷവും കേരള സംസ്ഥാനത്തെ ബീഡി ഉൽപ്പാദന വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലിനിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിക്കുന്ന പ്രകാരം കേരള സർക്കാർ ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

### പട്ടിക

| | നിശ്ചയിക്കുന്ന വേതനം |
|---|---|
| 1. **പീസ് റേറ്റ്** | |
| (1) ബീഡി തെറുപ്പ്—1000 ബീഡിക്ക് | 100 രൂപ |
| (2) ബീഡി ലേബ്ളിംഗും പായ്ക്കിംഗും | |
| (എ) സിങ്കിൾ ലേബ്ളിംഗ് | |
| (1) 100 പായ്ക്കിംഗ് | 105 രൂപ |
| (2) 100 പായ്ക്കിംഗിനുമേൽ ഓരോ പായ്ക്കിനും | 30 പൈസ വീതം |
| (ബി) ഡബിൾ ലേബ്ളിംഗ് | |
| (1) 100 പായ്ക്കിംഗ് | 110 രൂപ |
| (2) 100 പായ്ക്കിംഗിനുമേൽ ഓരോ പായ്ക്കിനും | 40 പൈസ വീതം |

*കുറിപ്പ്*:—ഒരു പായ്ക്ക് എന്നത് 20 കെട്ട് ബീഡികൾ അടങ്ങിയതാണ്. 20 കെട്ടുകളിൽ അധികമുള്ള പായ്ക്കുകളാണെങ്കിൽ അധികമുള്ള ഓരോ 10 കെട്ടുകൾക്കും 15 പൈസ വീതം അധികം വേതനം കൊടുക്കേണ്ടതാണ്.

31/3753/2011/DTP.

2. **ദിവസവേതനം**

| | | |
|---|---|---|
| (1) | ബ്ളെന്റിംഗ് (പുകയില പൊടിക്കൽ, ഉണക്കൽ, അരിക്കൽ, കൂട്ടിക്കലർത്തൽ എന്നീ ജോലികൾ) | 116 രൂപ |
| (2) | ബീഡി ചായ്ക്കൽ (തട്ടിൽ ഒതുക്കൽ) | 115 രൂപ |
| (3) | ബീഡി ഉണക്കൽ (കൂട്ടിൽ വെയ്ക്കൽ) | 115 രൂപ |
| (4) | ബണ്ട്ലിംഗ് (ചാക്ക് ബണ്ട്ലിംഗ്) | 115 രൂപ |

നിശ്ചയിക്കുന്ന വേതനം

3. **മാസ ശമ്പളക്കാർ**

(1) ഗ്രൂപ്പ് 1

| | | |
|---|---|---|
| (i) | അക്കൗണ്ടന്റ് | 4,200 രൂപ |
| (ii) | കാഷ്യർ | |
| (iii) | സ്റ്റോർ കീപ്പർ | |
| (iv) | ഫോർമാൻ | |

(2) ഗ്രൂപ്പ് 2 (എ)

| | | |
|---|---|---|
| (i) | ചെക്കർ | 4,000 രൂപ |
| (ii) | മേസ്തിരി | |
| (iii) | ക്ലാർക്ക് | |
| (iv) | ഡ്രൈവർ | |

(3) ഗ്രൂപ്പ് 2 (ബി)

| | | |
|---|---|---|
| (i) | സ്റ്റെനോ ടൈപ്പിസ്റ്റ് | 4,070 രൂപ |

(4) ഗ്രൂപ്പ് 3

| | | |
|---|---|---|
| (i) | ജനറൽ വർക്കർ | 3,800 രൂപ |
| (ii) | പ്യൂൺ | |
| (iii) | അറ്റന്റർ | |
| (iv) | വാച്ച്മേൻ/സെക്യൂരിറ്റി ജോലിക്കാരൻ | |
| (v) | ക്ലീനർ | |

4. **ക്ഷാമബത്ത**

പട്ടികയിൽ നിശ്ചയിച്ച പീസ് റേറ്റിനും ദിവസവേതനത്തിനും മാസശമ്പളത്തിനും പുറമേ സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനുംവേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1970=100 എന്ന സൂചികയിലെ 1400 പോയിന്റിന് മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പീസ് റേറ്റുകാർക്കും ദിവസവേതനക്കാർക്കും 7 പൈസ വീതവും മാസ ശമ്പളക്കാർക്ക് 1400 പോയിന്റിനുമേൽ ഓരോ പോയിന്റിനും പ്രതിമാസം 2 രൂപ വീതവും അതാത് ജില്ലയിലെ തൊഴിലാളികൾക്ക് ക്ഷാമബത്തയായി നൽകേണ്ടതാണ്. ഇത് എല്ലാ വർഷവും ഏപ്രിൽ 1-നും ഒക്ടോബർ 1-നും നൽകേണ്ടതാണ്. വയനാട്, ഇടുക്കി ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി ഉപഭോക്തൃവില സൂചിക പ്രസിദ്ധീകരിക്കുന്നില്ല എന്നതിനാൽ മേപ്പാടി കേന്ദ്രത്തിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചികയുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലും മൂന്നാർ കേന്ദ്രത്തിന്റെ സൂചികയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലും ക്ഷാമബത്ത നൽകേണ്ടതാണ്.

(1) <u>ബീഡി തെറുപ്പുകാർക്കുള്ള ക്ഷാമബത്ത കണക്കാക്കുന്നത്</u>.—ബീഡി തെറുപ്പുകാർക്ക് ക്ഷാമബത്ത നൽകുന്നതിന് ഒരു തൊഴിലാളിയുടെ ഒരു ദിവസത്തെ കുറഞ്ഞ ഉല്പാദനം 900 ബീഡി ആയിരിക്കണം. ഒരാഴ്ചക്കാലത്തേക്ക് 6 ദിവസങ്ങളിൽ ഉള്ള ആകെ ഉല്പാദനം കണക്കാക്കി അതിൽ ഓരോ 900 ബീഡിക്കും ഓരോ ക്ഷാമബത്ത വീതം ഒരാഴ്ചയിൽ പരമാവധി 6 ദിവസത്തെ ക്ഷാമബത്തയ്ക്കും മാത്രമേ അർഹത ഉണ്ടാവുകയുള്ളൂ. പ്രവൃത്തി ചെയ്ത ദിവസങ്ങൾക്കുമാത്രമേ ക്ഷാമബത്തയ്ക്ക് അർഹതയുണ്ടാവുകയുള്ളൂ.

(2) <u>ലേബ്ളിംഗ്, പായ്ക്കിംഗ് തൊഴിലാളികളുടെ ക്ഷാമബത്ത കണക്കാക്കുന്നത്</u>.—ക്ഷാമബത്ത കണക്കാക്കുന്നതിനുള്ള ഒരു ദിവസത്തെ കുറഞ്ഞ ഉല്പാദനം:—

| | | | |
|---|---|---|---|
| (i) | സിംഗിൾ ലേബ്ളിംഗ് | : | 125 പായ്ക്ക് |
| (ii) | ഡബിൾ ലേബ്ളിംഗ് | : | 100 പായ്ക്ക് |

ഒരാഴ്ചത്തേക്ക് അതായത് 6 പ്രവർത്തി ദിവസങ്ങളിലുള്ള മൊത്തം ഉല്പാദനം കണക്കാക്കി സിംഗിൾ ലേബ്ളിംഗ് ഓരോ 125 പായ്ക്കിനും ഓരോ ക്ഷാമബത്ത വീതവും ഡബിൾ ലേബ്ളിംഗ് ഓരോ 100 പായ്ക്കിനും ഓരോ ക്ഷാമബത്ത വീതവും നൽകേണ്ടതാണ്. ഒരാഴ്ചക്കാലത്തേക്ക് അതായത് 6 പ്രവൃത്തി ദിവസത്തേക്ക് ഏറ്റവും കൂടിയത് 6 ദിവസത്തെ ക്ഷാമബത്ത മാത്രമേ ലഭിക്കുകയുള്ളൂ. പ്രവൃത്തിചെയ്ത ദിവസങ്ങൾക്കുമാത്രമേ ക്ഷാമബത്തയ്ക്ക് അർഹതയുള്ളൂ.

5. **ഗ്യാരന്റീഡ് മിനിമം വേജസ്സ്**

ബീഡി വ്യവസായത്തിൽ ജോലി ചെയ്യുന്ന പീസ്റേറ്റ് തൊഴിലാളികൾക്ക് ഗ്യാരന്റീഡ് മിനിമം വേതനമായി ഒരു ദിവസം 60 രൂപ വീതം നൽകേണ്ടതാണ്.

6. **ഉയർന്ന വേതനത്തിന് സംരക്ഷണം**

ഈ പട്ടികയിൽ നിശ്ചയിച്ചിരിക്കുന്ന മിനിമം വേതനത്തിൽ കൂടുതൽ ഏതെങ്കിലും പ്രദേശത്തിൽ/ഏതെങ്കിലും സ്ഥാപനത്തിൽ തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനത്തിന് തൊഴിലാളികൾക്ക് തുടർന്നും അർഹത ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ബി. വത്സല കുമാരി,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ ബീഡി-സിഗാർ ഉല്പാദന വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിരക്കുകൾ 2000 ഒക്ടോബർ 20-ാം തീയതിയിലെ ജി. ഒ. (ആർടി.) 3617/2000/തൊഴിൽ എന്ന നമ്പർ വിജ്ഞാപന പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. 1948-ലെ മിനിമം വേജസ് ആക്റ്റ് 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡിക പ്രകാരം പ്രസ്തുത മേഖലയിലെ കുറഞ്ഞ കൂലിനിരക്കുകൾ വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.